**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3697** **26-10-2021 - ൽ മറുപടിയ്ക്ക്**

**മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥലം കെ.എസ്.ഇ.ബി.യ്ക്ക് കൈമാറുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം ഗ്രാമപഞ്ചായത്തിലെ മീതൂരിൽ മൃഗസംരക്ഷണ വകുപ്പിന്റെ കൈവശമുള്ള സ്ഥലം കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ നിർമാണത്തിനായി കെ.എസ്.ഇ.ബി.യ്ക്ക് കൈമാറുന്നതിന്റെ നടപടികൾ ഏതുവരെയായെന്ന് അറിയിക്കുമോ; വിശദവിവരങ്ങൾ നൽകാമോ? | (എ) | വാമനപുരം കല്ലറ സബ് സ്റ്റേഷൻ നിർമ്മാണത്തിനായി വാമനപുരം വില്ലേജിൽ സർവ്വേ നമ്പർ 2318/1 ൽപ്പെട്ട 33 സെന്റ് വസ്തു കെ.എസ്.ഇ.ബി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് പാട്ടത്തിന് വിട്ടുനൽകുന്നതിനായി മൃഗസംരക്ഷണ വകുപ്പിൽ നിന്നും നിരാക്ഷേപ പത്രം 02/03/2021 ൽ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഭൂമി പട്ടയ ഭൂമി ആയതിനാൽ പാട്ടത്തിന് അനുവദിക്കാൻ കഴിയില്ലായെന്നും ഭൂമി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ പേരിൽ നിന്നും പുറമ്പോക്കിലേക്ക് മാറ്റണമെന്നും തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചതിനെ തുടർന്ന് അതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ